'ഭരണ ഭാഷ - മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമേഖലാ സ്ഥാപനങ്ങൾ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ/വികസന അതോറിറ്റികൾ/ബോർഡുകൾ/കോർപ്പറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ശമ്പള പരിഷ്കരണം അനുവദിക്കുന്നത്-മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

---

**ധനകാര്യ (പി.ആർ.സി-സി) വകുപ്പ്**

**സ.ഉ.(കൈ) നം.109/2025/ധന** **തീയതി, തിരുവനന്തപുരം, 30.08.2025**

---

പരാമർശം:- 1. 18.01.2021 ലെ സർക്കുലർ നം. 04/2021/ധന

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ/വികസന അതോറിറ്റികൾ/ ബോർഡുകൾ/ കോർപ്പറേഷനുകൾ/ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണെന്ന് സൂചന ഒന്ന് സർക്കുലറിൽ വ്യക്തമാക്കിയിരുന്നു. മാത്രമല്ല, ശമ്പള പരിഷ്കരണം ധനകാര്യ സംബന്ധമായ വിഷയമായതിനാൽ ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായവും തേടേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ പല സ്ഥാപനങ്ങളും സർക്കാർ അംഗീകാരം കൂടാതെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയ ശേഷം പിന്നീട് ആയതിന് സർക്കാർ സാധൂകരണം തേടുന്ന പ്രവണത തുടർന്നു വരുന്നതായും പലപ്പോഴും ധനകാര്യ വകുപ്പിന്റെ അനുമതി കൂടാതെ ശമ്പള പരിഷ്കരണങ്ങൾ അനുവദിച്ചു വരുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം ഗൗരവത്തോടെ വീക്ഷിക്കുന്നു.

ആകയാൽ ഇനി മുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ/ വികസന അതോറിറ്റികൾ/ ബോർഡുകൾ/ കോർപ്പറേഷനുകൾ/ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ശമ്പളപരിഷ്കരണങ്ങൾ ധനകാര്യ വകുപ്പിന്റെയും മന്ത്രിസഭയുടെയും മുൻകൂർ അനുമതിയോടു കൂടി മാത്രമേ അനുവദിക്കുവാൻ പാടുള്ളൂ. ഇക്കാര്യം പാലിക്കപ്പെടുന്നുണ്ടെന്ന് എല്ലാ വകുപ്പദ്ധ്യക്ഷന്മാരും ഉറപ്പുവരുത്തേണ്ടതാണെന്ന കർശന നിർദ്ദേശം നൽകുന്നു.

ഈ ഉത്തരവിന് വിരുദ്ധമായി ഇത്തരം സ്ഥാപനങ്ങളുടെ ഗവേണിംഗ്

ബോർഡുകൾ എടുക്കുന്ന തീരുമാനങ്ങളുടെ ഉത്തരവാദിത്വം പ്രസ്തുത സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കായിരിക്കും. ഇങ്ങനെയുള്ള വിഷയങ്ങൾ ഉൾപ്പെടുന്ന അജൻഡകൾ ബോർഡിന്റെ പരിഗണനയ്ക്ക് വരുമ്പോൾ ഈ ഉത്തരവ് ബോർഡ് ചെയർമാന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അതിന്മേലുള്ള വിയോജിപ്പ് രേഖപ്പെടുത്തേണ്ടതും ബോർഡിൽ സർക്കാർ പ്രതിനിധികളായി നിയമിക്കപ്പെട്ടവരുടെ ചുമതലയായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ എ ജയതിലക് ഐ എ എസ്**

**ചീഫ് സെക്രട്ടറി**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും.
വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ/ വികസന അതോറിറ്റികൾ/ ബോർഡുകൾ/ കോർപ്പറേഷനുകൾ/ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മേധാവികൾക്ക്.
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**അക്കൗണ്ട്സ് ഓഫീസർ**